എനർജി മാനേജ്മെന്റ്
സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 5, ലക്കം 10 | 2024 ഒക്ടോബർ 05



## ഉണർവ്വ് ക്യാമ്പയിന് പാലക്കാട് ജില്ലയിൽ തുടക്കം കുറിച്ചു

### വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു

എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ പരിഷദ് പ്രൊഡക്ഷൻ സെന്ററിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമുള്ള ഊർജ്ജ സംരക്ഷണ ബോധവത്കരണപരിപാടി ഉണർവ്വിന്റെ പാലക്കാട് ജില്ലാതല ഉദ്ഘാടനം മുണ്ടൂർ ഐ.ആർ.ടി.സി ജൂബിലി ക്യാമ്പസ്സിൽ 2024സെപ്റ്റംബർ 27ന് ബഹു. സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചു. മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ എ. പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ചു.

പരിശീലനത്തിന്റെ ഭാഗമായി ഊർജ്ജസംരക്ഷണ ഉപാധികൾ സംബന്ധിച്ച ക്ലാസ്സ്, ഇലക്ട്രിക്ക് സൈക്കിൾ, സോളാർ പുരപ്പുറ സൗരനിലയം പരിചയപ്പെടുത്തൽ എന്നിവയും നടന്നു. പരിഷദ് പ്രൊഡക്ഷൻ സെന്ററിന്റെ സഹകരണത്തോടെ പാലക്കാട് ജില്ലയിലെ മുഴുവൻ യു.പി/എച്ച്.എസ് വിദ്യാർത്ഥികൾക്കായി ഊർജ്ജസംരക്ഷണാവബോധ പരിപാടി സംഘടിപ്പിക്കാനാണ് ഇ.എം.സി ലക്ഷ്യമിടുന്നത്. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ വിദ്യാർത്ഥികൾ ഉണർവ്വ് ക്യാമ്പയിനിന്റെ ഭാഗമായി തിരുവനന്തപുരം ശ്രീകാര്യത്ത് പ്രവർത്തിക്കുന്ന ഇ.എം.സി ക്യാമ്പസ് സന്ദർശിക്കുന്നുണ്ട്. ഇതിനോടകം 6000-ലധികം വിദ്യാർത്ഥികളും അദ്ധ്യാപകരുമാണ് ഉണർവ്വ് ക്യാമ്പയിനിൽ പങ്കാളികളായത്.

മുണ്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.വി. സജിത, പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സുനിജ മുരളി, പരിഷദ് പ്രൊഡക്ഷൻ സെന്റർ ചെയർപേഴ്സൺ ടി.കെ. മീരാഭായ്, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.ടി.സി) ഡയറക്ടർ ഡോ. എൻ. കെ. ശശിധരൻപിള്ള, പ്രൊഫ. പി. കെ. രവീന്ദ്രൻ, ഗ്രാമപഞ്ചായത്ത് മെമ്പർ എസ്. നാരായണൻകുട്ടി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഇ.എം.സി രജിസ്ട്രാർ സുഭാഷ് ബാബു ബി. വി. സ്വാഗതവും, ഇ.എം.സിയിലെ എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ നന്ദിയും പറഞ്ഞു. യോഗത്തിൽ ഐ.ആർ.ടി.സി സ്ഥാപനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് (CMDRF) നൽകിയ സംഭാവനയുടെ റസീപ്റ്റ് മന്ത്രിക്ക് കൈമാറി.



വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി വിദ്യാർത്ഥികൾക്കുള്ള ഉണർവ് ബോർഡ് കൈമാറുന്നു



## കേരള സംസ്ഥാന
## ഊർജസംരക്ഷണ അവാർഡ് 2024
# സെൻസിറ്റൈസേഷൻ പ്രോഗ്രാം

എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് 2024ന്റെ ഭാഗമായി സെൻസിറ്റൈസേഷൻ പരിപാടി റെനൈ കൊച്ചിൻ ഹോട്ടലിൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. ഊർജ്ജകാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്ന മാതൃകാ പദ്ധതികൾ അവതരിപ്പിക്കുന്നതിന് മുന്നേ തന്നെ തയ്യാറെടുപ്പിനാവശ്യമായ നിർദേശങ്ങൾ നൽകുന്നത് മാതൃകപരമായ രീതിയാണെന്ന് മന്ത്രി പറഞ്ഞു. അവാർഡിനായി അപേക്ഷിക്കുന്നതിനുള്ള വെബ്സൈറ്റിന്റെ പ്രവർത്തനങ്ങളും സമർപ്പിക്കേണ്ട രേഖകളുടെ വിവരങ്ങളും പരിപാടിയിൽ വിശദീകരിച്ചു.

വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സ്ഥാപനങ്ങളും സംഘടനകളും, ഊർജ്ജകാര്യക്ഷമത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹകർ, ആർക്കിടെക്ചറൽ സ്ഥാപനങ്ങളും ഗ്രീൻ ബിൽഡിംഗ് കൺസൾട്ടൻസികളും എന്നീ ഏഴ് വിഭാഗങ്ങളിലായാണ് സംസ്ഥാന ഊർജ്ജസംരക്ഷണ പുരസ്കാരങ്ങൾ നൽകുന്നത്.

2023-ലെ സംസ്ഥാന ഊർജസംരക്ഷണ അവാർഡ് വിജയികളായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡ് ആക്കുളം പ്ലാന്റ് തിരുവനന്തപുരം, അപ്പോളോ ടയേർസ് ലിമിറ്റഡ് കളമശ്ശേരി എറണാകുളം എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പ്രവർത്തനങ്ങൾ സംബന്ധിച്ച അവതരണങ്ങൾ നടത്തി. വി-ഗാർഡ് ഇൻഡസ്ട്രീസ്, ഹൈക്കോൺ ഇൻഡ്യ ലിമിറ്റഡ്, എക്സൽ കോട്ടിംഗ്സ്, ആൽഫ ഗ്രീക്, ടോകലേവ് എക്സ്പോർട്ട്സ് എൽ.എൽ.പി, ടാൻക്വിലിറ്റി, നിപ്പോൺ പെയിന്റ്സ് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഊർജ്ജകാര്യക്ഷമത ഉപകരണങ്ങളുടെ പ്രദർശനവും പരിപാടിയോട് അനുബന്ധിച്ച് സംഘടിപ്പിച്ചു.

ചടങ്ങിൽ ഇ.എം.സി രജിസ്ട്രാർ സുഭാഷ് ബാബു ബി. വി. സ്വാഗതം പറഞ്ഞു. ഡയറക്ടർ ഡോ. ആർ. ഹരികുമാർ ആമുഖ പ്രഭാഷണം നടത്തി. ഊർജ്ജസംരക്ഷണ അവാർഡ് 2024-ന്റെ മാർഗ്ഗരേഖ, അപേക്ഷാ സമർപ്പണം എന്നിവയെക്കുറിച്ച് എനർജി ടെക്നോളജിസ്റ്റ് അനൂപ് സുരേന്ദ്രൻ വിശദീകരിച്ചു. ഊർജ്ജസംരക്ഷണവും കാര്യക്ഷമതയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികൾ, സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഉൾപ്പെടെ 250-ലധികം പേർ പരിപാടിയിൽ പങ്കെടുത്തു. ഇ.എം.സി.യിലെ എനർജി ടെക്നോളജിസ്റ്റ് സന്ദീപ് കെ. നന്ദി പറഞ്ഞു.



ഊർജ്ജപരിപാലനരംഗത്തെ മികച്ച പ്രകടനത്തിന് കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII) ഏർപ്പെടുത്തിയ 25-ാമത് ദേശീയപുരസ്കാര വിധിനിർണ്ണയ സമിതിയിൽ അംഗമായി ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ പങ്കെടുത്തു. 2024 സെപ്റ്റംബർ 10, 11 തീയതികളിൽ ഹൈദരാബാദിൽ നടന്ന ചടങ്ങിൽ ഊർജ്ജരംഗത്തെ നിരവധി പേർ പങ്കെടുത്തു.

## #REINVESTMENT2024
# ഗാന്ധിനഗറിൽ സമാപിച്ചു




ഗുജറാത്തിലെ ഗാന്ധി നഗറിൽ 2024 സെപ്റ്റംബർ 16 മുതൽ 18 വരെ നടന്ന ആഗോള മീറ്റ് ആയ #REINVEST2024-ൽ ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ പങ്കെടുത്തു. ആഗോള അക്ഷയോർജ്ജ രംഗത്തെ പ്രമുഖ കമ്പനികളും സ്ഥാപനങ്ങളും പങ്കാളികളായി. അക്ഷയോർജ്ജ രംഗത്തെ വിദഗ്ധരുടെ അവതരണങ്ങളും പ്രദർശനവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ആദ്യ ദിനം ബഹു. പ്രധാന മന്ത്രി നരേന്ദ്ര മോദി പരിപാടി ഉദ്ഘാടനം ചെയ്തിരുന്നു. മിനിസ്ട്രി ഫോർ ന്യൂ & റിന്യൂവബിൾ എനർജിയുടെ (MNRE) ആഭിമുഖ്യത്തിലാണ് ഈ ആഗോള മീറ്റ് സംഘടിപ്പിച്ചത്.

# 5-Day Preparatory Training for Certified Energy Auditor and Energy Manager Examination



The Energy Management Centre-Kerala (EMC) successfully carried out its 5-day preparatory training program for the 24th Certified Energy Auditor and Energy Manager examination. Participants from leading organizations such as Sustainability and Energy Technical Solutions, Technopark, Tata Consultancy Services, Malabar Cements Limited, KSEBL, and individual energy enthusiasts completed the intensive training program held at EMC from 30th August to 5th September.

The training was led by expert faculties, Mr. Nagesh Kumar (Retd. Director, National Productivity Council) and Mr. A M Narayanan (Retd. Head, Energy Efficiency Division, EMC), who brought their extensive experience and insights into energy auditing and management. Their guidance empowered participants to confidently prepare for the upcoming examination, equipping them with critical knowledge on energy efficiency, auditing practices, and sustainable energy management.

The successful completion of this training marks another milestone in EMC's commitment to fostering energy efficiency and developing skilled energy professionals across the state.

# Stakeholder Meeting on Kerala Cool Roof Policy Framework Held at EMC

The Energy Management Centre-Kerala (EMC), in collaboration with the World Resources Institute (WRI) India, hosted a significant stakeholder meeting aimed at gathering key insights and feedback for drafting Kerala's Cool Roof Policy framework, on 25th September 2024 at EMC Campus. The meeting brought together prominent representatives from government departments, academia, technology providers, and local elected officials, ensuring an inclusive approach to the policy's development and implementation.



K R Jyothilal IAS, Additional Chief Secretary, inaugurating the meeting by online

The session was inaugurated by K R Jyothilal IAS, Additional Chief Secretary, Department of Power, Government of Kerala. Dinesh Kumar A N, Joint Director of EMC, welcomed the attendees, followed by introductory remarks from Tirthankar Mandal, Associate Director, Energy Program, WRI India. Tomson Sebastian, Energy Technologist, EMC, provided an overview of the draft Cool Roof Policy for Kerala.

Group discussions on the policy were facilitated by Ijas M A, Senior Research Associate, and Chandana Sasidharan, Program Research Fellow, both from WRI India's Energy Program. The discussions provided a platform for sharing diverse perspectives to enhance the policy. Dhilon Subramanian, Manager of WRI India's Energy Program, outlined the next steps in finalizing the framework, while Johnson Daniel, Head of the NMEEE & DSM Division at EMC, delivered the closing remarks and vote of thanks.

The inputs from this collaborative engagement are expected to play a crucial role in shaping a robust Cool Roof Policy that addresses Kerala's unique climatic conditions and urban challenges. The policy is set to promote energy-efficient and sustainable building practices across the state.

## One-Day Workshop on

# Energy Transition in Kerala

In alignment with the directives of the "State Level Steering Committee for Energy Transition (SLSC)," the Energy Management Centre-Kerala (EMC) organized a one-day workshop on "Energy Transition in Kerala" on 24th September 2024. The workshop, held at the EMC office, aimed to consolidate the energy transition efforts of various departments and agencies across the state and formulate an action plan to drive Kerala's energy transition initiatives forward.



Dinesh Kumar A. N., Joint Director of EMC, delivering the introductory address

The program was inaugurated by K R Jyothilal IAS, Additional Chief Secretary, Power Department, Government of Kerala, through online mode. Dinesh Kumar A.N, Joint Director of EMC, delivered the introductory address, with Johnson Daniel, Head of NMEEE & DSM Division, and Subhash Babu B V, Registrar of EMC, also sharing their insights on the importance of energy transition for the state.

The event was attended by key officials from various departments and agencies, including the Kerala State Electricity Board (KSEBL), Department of Environment and Climate Change, Kerala Water Authority, Agriculture Department, Education Department, Finance Department, Public Works Department, Housing Board, Nirmithi Kendra, KINFRA, and the Industries Department.

The workshop provided a platform for cross-departmental collaboration and deliberations, with the goal of formulating a comprehensive action plan to steer Kerala towards a sustainable energy future.

## Training Program on

# Green and Resilient Buildings



Aafsha Kansal, Business Development Lead, IFC, leading a session

EMC in partnership with the International Finance Corporation (IFC), conducted a training program on "Green and Resilient Buildings: Global Best Practices in Policy and Finance for Government Agencies." The event, hosted at EMC on 30th September 2024, brought together key government stakeholders to discuss sustainable building practices and resilience.

Inaugurated by Dinesh Kumar A N, Joint Director of EMC, the program featured sessions led by Aafsha Kansal, Business Development Lead, IFC. Officials from the Public Works Department (PWD), Kerala State Nirmithi Kendra, Kerala State Housing Board, and EMC participated in discussions on global best practices, climate risk resilience, and sustainable construction strategies.

The training covered critical topics such as green building principles, current practices in India, IFC tools (EDGE and BRI), and financing green projects. The program ended with collaborative discussions aimed at advancing green building initiatives.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256